ജനയുഗം
JANAYUGOM
29 April 2017

# ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവ് കൂടി: സംസ്ഥാനത്ത് മത്സ്യവില കുറഞ്ഞു

കൊച്ചി: ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവ് കൂടിയതോടെ ആവശ്യക്കാരേറെയുള്ള കേരളത്തിൽ മീനുകളുടെ വില കഴിഞ്ഞ വർഷം കുറഞ്ഞുവെന്ന് പഠനം. കേരളത്തിലെ മത്സ്യഉപഭോഗത്തിന്റെ 40 ശതമാനം മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നതെന്നും കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനം വ്യക്തമാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മീൻ വരുന്നതാണ് കേരളത്തിൽ മത്സ്യവില കുറയാൻ കാരണമെന്നും സംസ്ഥാനത്ത് ആഭ്യന്തര മത്സ്യ ലഭ്യതയും ആവശ്യക്കാരുടെ എണ്ണവും തമ്മിലുള്ള അന്തരം വർധിച്ചുവരികയാണെന്നും പഠനം വെളിപ്പെടുത്തുന്നു. സംസ്ഥാനത്തെ മത്സ്യമേഖലയിലെ പ്രതിസന്ധിയാണ് പഠനം സൂചിപ്പിക്കുന്നത്. സിഎംഎഫ്ആർഐ യിലെ സാമൂഹിക-സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ് സലീമും സംഘവുമാണ് മീനുകളുടെ വിപണനവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യങ്ങളുടെ കണക്കും പഠനം നടത്തിയത്.

2016ൽ മുൻവർഷത്തെ അപേക്ഷിച്ച് 15 മുതൽ 20 ശതമാനം വരെ മത്സ്യവിലയിൽ കുറവുണ്ടായെന്നാണ് പഠനത്തിൽ പറയുന്നത്. 2014 നെ അപേക്ഷിച്ച് 2015ൽ മീൻവിലയിൽ 35 ശതമാനം വർധന ഉണ്ടായിരുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോഴാണ് കഴിഞ്ഞവർഷം മീൻവിലയിൽ കുറവ് വന്നതായി കണ്ടെത്തിയത്. കടലിൽ നിന്നുള്ള ലഭ്യതയിൽ കുറവുണ്ടായ മത്സ്യങ്ങളുടെ വിലയും കുറഞ്ഞിട്ടുണ്ട്. അയലയുടെ വിലയിലാണ് ഏറ്റവും കുറവുണ്ടായത്. 30.6 ശതമാനം. കേരളീയരുടെ ഇഷ്ടമത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നീ മത്സ്യങ്ങളുടെ വില മൊത്തത്തിൽ 20.7 ശതമാനം കുറഞ്ഞു.

സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിന്റെ 60 ശതമാനം മാത്രം മത്സ്യമാണ് കേരളത്തിൽ നിന്ന് ലഭിക്കുന്നത്. ബാക്കി വരുന്ന 40 ശതമാനം മത്സ്യം കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലെത്തുന്നത്. ഒരു ദിവസം ശരാശരി 2000 മുതൽ 2500 ടൺവരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. ഇതിൽ 1000-1200 ടൺ മത്സ്യം ഇതര സംസ്ഥാനങ്ങളിൽ നിന്നാണെത്തുന്നത്.